(ഇ) 5 പേർ. വിജയലക്ഷ്മി. രാജൻ. തങ്ക. ബാലൻ. കുട്ടപ്പൻ. തിമിര ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് കാഴ്ചശക്തി നഷ്ടപ്പെട്ടവർക്ക് ആരോഗ്യ വകുപ്പിൽ നിന്നും ധനസഹായം നൽകിയിട്ടില്ല. കുന്ദംകുളം താലൂക്കാശുപത്രിയിൽ ചികിത്സ നടത്തിയതിൽ കാഴ്ചശക്തി നഷ്ടപ്പെട്ടിട്ടുണ്ട്. ഡോക്ടർമാർ ഉൾപ്പെടെ താഴെപ്പറയുന്ന 14 ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ഡോ. പ്രദീപ് കുമാർ. 2. ഡോ. രേഖ. 3. ഡോ. രാജ്പോൾ പനയിതൻ. 4. ശ്രീമതി സത്യഭാമ (നഴ്സിംഗ് സൂപ്രണ്ട്) 5. ശ്രീമതി എൻ. രമണി (സ്റ്റാഫ് നഴ്സ്) 6. ശ്രീമതി റീന എം. ജോസ് (നഴ്സിംഗ് അസിസ്റ്റന്റ്) 7. ശ്രീമതി ഗീത റ്റി. വി. (നഴ്സിംഗ് അസിസ്റ്റന്റ്) 8. ശ്രീമതി ജയശ്രീ (നഴ്സിംഗ് അസിസ്റ്റന്റ്) 9. ശ്രീമതി സുഷ (സ്റ്റാഫ് നഴ്സ്) 10. ശ്രീമതി അമ്മിണി അമ്മ (സ്റ്റാഫ് നഴ്സ്) 11. ശ്രീ. നസീം ഹുസൈൻ (സ്റ്റാഫ് നഴ്സ്) 12. ശ്രീമതി ശാന്ത കെ. ജെ. (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2) 13. ശ്രീമതി സുഭദ്ര (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2) 14. ശ്രീമതി സുജ സി. കെ. (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2).

(എഫ്) ആരോഗ്യ വകുപ്പിൽ ഇക്കാലയളവിനുള്ളിൽ ഉത്തരം സംഭവം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

താലൂക്കാശുപത്രിയുടെ വികസനം

48(746) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-2-2011ൽ താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ട അങ്കമാലി സർക്കാർ ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശത്തിൻമേൽ കഴിഞ്ഞ നാലുവർഷമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) അങ്കമാലിയുടെ ഹൃദയഭാഗത്ത് സ്ഥിതിചെയ്യുന്നതും ആറുകണക്കിന് സാധാരണക്കാരായ രോഗികൾ ദിനംപ്രതി ആശ്രയിക്കുന്നതുമായ പ്രസ്തുത ആശുപത്രിയുടെ വികസനത്തിനായി നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ ?

ഉത്തരം

(എ) അങ്കമാലി താലൂക്കാശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിരുന്നുവെങ്കിലും പ്രൊപ്പോസൽ പൂർണ്ണമല്ലാതിരുന്നതിനാൽ അധിക വിവരങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ്

49(747) ശ്രീമതി കെ. കെ. രമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ചെലവായി ഭാരിച്ച തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരിൽനിന്ന് ഈടാക്കുന്ന നിരക്കുകൾ നിശ്ചയിച്ചു നൽകാൻ സർക്കാരിന് നിയമപരമായി അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) സ്വകാര്യ മേഖലയിലെ ഫീസ് ഏകീകരണത്തിനും മറ്റ് മാനദണ്ഡങ്ങളുടെ നിർവ്വഹണത്തിനും അതിലൂടെ അമിത ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. സ്വകാര്യ ലാബുകൾ, ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം തുടങ്ങിയവയാണ് ഈ ബില്ലിന്റെ പ്രധാന ലക്ഷ്യം.

ചടയമംഗലം നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

50(748) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly